LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി . ഞാൻ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് വളരെ കുറച്ച് സമയം മാത്രമേ അനുവദിച്ചിട്ടുള്ളു എന്നുള്ളതുകൊണ്ട് ഞാൻ മുഴുവനും വായിക്കുന്നില്ല. ഈ ലിസ്റ്റിൽ മുഴുവൻ ഡീറ്റെയ്ൽസും ഉണ്ട്. ധൈര്യം ഉണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് അതിനെപ്പറ്റി അന്വേഷിക്കാമോ?..... ബഹളം..... ബഹളം..... ഇതിന്റെ പേരെന്താണ്? ഈ മന്ത്രി ചെയ്ത കറപ്ഷൻ, അഴിമതി, സ്വജനപക്ഷപാതം ഇവയൊക്കെ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പൊതുപ്രവർത്തകരുടെ അഴിമതിയെ സംബന്ധിച്ചു അന്വേഷണം നടത്തുന്നതിന് ലോകായുക്ത് നിയമം പാസ്സാക്കിയിട്ടുണ്ടല്ലോ?. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചാർജുള്ള ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉണ്ടല്ലോ. നിങ്ങൾ കാശും മേടിച്ചിട്ട് ഞങ്ങൾ സ്റ്റാമ്പും ഒട്ടിച്ച് അതിന്റെ പുറകെ നടക്കണം. ലോകായുക്ത് നിയമത്തിൽ അലിഗേഷനെ സംബന്ധിച്ചു എന്താണ് പറയുന്നത് എന്ന് അങ്ങ് നോക്കണം. 2(b) (iii) is guilty of corruption, favouritism, nepotism or lack of integrity in his capacity as such public servant; എന്നാണ്.

നടപടി എടുക്കണ്ടേ? ഇത് റഫർ ചെയ്യേണ്ടേ? അങ്ങേയ്ക്ക് മന:സാക്ഷിയുണ്ടെങ്കിൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ നിയമം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ആരോപണങ്ങൾ റഫർ ചെയ്യാൻ മുഖ്യമന്ത്രിക്ക് അവകാശമുണ്ട്. അങ്ങ് ചെയ്യേണ്ടത് ഈ ലിസ്റ്റ് ക്യാൻസൽ ചെയ്യണം. ഇവിടെ ഓരോന്നിനും കയ്യടിക്കുന്ന ഭരണകക്ഷിയുണ്ടല്ലോ. അവിടുത്തെ ജോലി മുഴുവൻ ഒരു കൂട്ടർ അടിച്ചുമാറ്റിയില്ലേ? എന്നിട്ട് അഴിമതിയെപ്പറ്റി ഘോരഘോരം പ്രസംഗിക്കുകയാണ്. അങ്ങ് മന:സാക്ഷിയുണ്ടെങ്കിൽ ഈ ലിസ്റ്റ് പൂർണ്ണമായും ക്യാൻസൽ ചെയ്യണം. ഈ അഴിമതിക്കെതിരെ നടപടി എടുക്കണം. ബഹുമാനപ്പെട്ട പി.സി.ജോർജ് അഴിമതിയെന്നു കേട്ടാൽ പിന്നെ നിലത്തിരിക്കുകയില്ല. മൂരി ചാടുന്നതുപോലെയാണ് ചാടുന്നത്.

റൂളിംഗ്

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ മാമ്മൻ മത്തായി യാതൊരു ആരോപണവും ഇവിടെ എഴുതിക്കൊടുത്തിട്ടില്ല. അതുകൊണ്ട് ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്നു പറയുന്നത് രേഖയിൽ കാണുകയില്ല... .....ബഹളം..... ബഹളം ..... ബഹുമാനപ്പെട്ട മെമ്പർ കുറച്ചു സഹിഷ്ണുത കാണിക്കണം. ഇവിടെ I am raising an allegation aganist shri P.C. George. എന്നു മാത്രമാണ് എഴുതിയിരിക്കുന്നത്.

ശ്രീ. മാമ്മൻ മത്തായി : ഞാൻ അലിഗേഷനായിട്ടല്ല, പബ്ലിക്ക് ഡോക്കുമെന്റായി മേശപ്പുറത്ത് വച്ചതാണ്.

മി. ചെയർമാൻ ; എഴുതിക്കൊടുത്തിരിക്കുന്നുവെന്ന് പറഞ്ഞതുകൊണ്ട് പറയുകയാണ്. ശ്രീ.പി.സി.ജോർജിനെതിരെ ചില അന്വേഷണങ്ങൾ, ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ an allegation regarding illegal appointments എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അന്വേഷിക്കണമെങ്കിൽ വ്യക്തമായി എഴുതിത്തരണം. വ്യക്തമായി ആരോപണം ഉന്നയിക്കാത്തിടത്തോളംകാലം ആരോപണം രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ധനകാര്യം (തുടർച്ച)

ശ്രീ. മാമ്മൻ മത്തായി : അഴിമതിയെ സംബന്ധിച്ചു പറയുമ്പോൾ ശ്രീ. പി.സി.ജോർജ് ചാടുകയാണ്. ധാർമ്മികമായി അഴിമതിയെ സംബന്ധിച്ചു പറ